V. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, കാര്യോപദേശക സമിതിയുടെ 12-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, ഞാൻ പിന്താങ്ങുന്നു.

ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VI. നിയമനിർമ്മാണ കാര്യം

1979-ലെ നിയമസഭ (അയോഗ്യതകൽ നീക്കം ചെയ്യൽ) ഭേദഗതി ബിൽ-ചർച്ച (തുടർച്ച)

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, ഇന്നലെ ഈ സഭയിൽ ഈ ബില്ലിന്റെ ചർച്ച നടന്നപ്പോഴും ട്രഷറി ബഞ്ചിലെ എന്റെ ഒരു പഴയ സുഹൃത്ത് ദുഃഖഭാരത്തോടുകൂടി നിന്ദിതനും, പീഡിതനും, അവഹേളിതനുമായി തല കുനിച്ചിരുന്നതായി കണ്ടു. ചർച്ച ആരംഭിച്ച സമയത്ത് അദ്ദേഹം സഭയിലില്ലായിരുന്നു. മറ്റൊരു ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തെ നിർബന്ധിച്ചു പിന്നീടു ഈ സഭയിൽ കൊണ്ടുവന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ദുഃഖിതനും, നിന്ദിതനും, അവഹേളിതനുമായിത്തീർന്ന അദ്ദേഹത്തെ ആശ്വസിപ്പിക്കാൻവേണ്ടി എന്റെ സ്നേഹിതൻ ഉമ്മൻ ചാണ്ടി പരിശ്രമിക്കുന്നതു കണ്ടു. പക്ഷേ ഉമ്മൻ ചാണ്ടി അക്കാര്യത്തിൽ പരാജയപ്പെടുകയാണ് ഉണ്ടായത്. ഇന്നും എന്റെ ആ സുഹൃത്തിനെ കാണുന്നില്ല. മന്ത്രി സഭയിലെ അംഗമായ ഒരാളെ മനപ്പൂർവ്വം അവഹേളിക്കാൻവേണ്ടി പുറപ്പെടുവിച്ച ഒരു ഓർഡിനൻസാണ് ഇത്. ആ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള ബില്ലാണ് ഇന്ന് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന ആരോപണം ഞാൻ ഉന്നയിക്കുന്നു. ഹരിജൻ സമുദായത്തിൽ ജനിച്ചു പോയി എന്ന ഒരൊറ്റ കാരണംകൊണ്ട് ഈ നിയമസഭയുടെ മുമ്പെയും ബഹുജനസമക്ഷവും അദ്ദേഹത്തെ അവഹേളിക്കാനുള്ള നടപടി എത്രയും കരുതിക്കൂട്ടി ഈ ഗവൺമെന്റിൽ തന്നെ മുൻതൂക്കമുള്ള സവർണ്ണ മേധാവികൾ സ്വീകരിച്ചതല്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. അങ്ങനെ യാതൊരു തത്വദീക്ഷയുമില്ലാതെ ചില ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടിയെന്നുള്ള വ്യാജേനകൊണ്ടുവന്ന ഈ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം കാളാശ്ശേരിക്കു സംരക്ഷണം നൽകുന്നുയെന്നുള്ളതിൽ കവിഞ്ഞ് ആടിയുലഞ്ഞുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെ താങ്ങി നിർത്താനുള്ള ഒരു പരിശ്രമവും ഇതിനകത്തുണ്ട്. ബഹുജനരോഷത്തിൽ മുങ്ങിക്കൊണ്ടിരിയ്ക്കുന്ന ഈ സർക്കാരിനെ താങ്ങി നിർത്താനുള്ള ഒരു വയ്ക്കോൽ രുരുമ്പാണ് ഈ നിയമം. രേണകക്ഷിയിൽനിന്നും വിട്ടുമാറിയ എൻ. ഡി. പി. ഉണ്ട്. ആ എൻ. ഡി. പി. യെ രണ്ടായി പിളർക്കുന്ന കാര്യത്തിൽ രേണകക്ഷികൾ വിജയിച്ചിരിക്കുകയാണ്. ഈ ബില്ല് മുഖേന ലഭിക്കാൻ സാദ്ധ്യതയുള്ള അധികാരം ഉപയോഗിച്ച് എൻ. ഡി. പി. എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly